**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യ മേഖലയിലെ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ വി കെ പ്രശാന്ത് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധന, വിപണന രംഗത്തെ ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് മത്സ്യ മേഖലയിലെ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ പരിപാടിയുണ്ടോ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും മത്സ്യഫെഡ് മുഖാന്തിരം തീരദേശ ലേല സമ്പ്രദായം നടപ്പിലാക്കി വരുന്നു. തീരദേശ ലേലം വഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ സംഭരിച്ച് അവ ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. ഇടനിലക്കാരുടെ ചൂഷണം ഒരു പരിധിവരെ അവസാനിപ്പിക്കുന്നതിനും മത്സ്യമേഖലയിലെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ സംഘങ്ങളെ ലേലത്തിൽ പങ്കെടുപ്പിച്ച് സംഘങ്ങൾക്ക് മത്സ്യം സംഭരിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും മികച്ച പിന്തുണയോടെയുള്ള പ്രവർത്തന മികവുകൊണ്ട് മത്സ്യഫെഡിന് രാജ്യത്തെ ഏറ്റവും മികച്ച മത്സ്യ സഹകരണ ഫെഡറേഷൻ ആയി മാറാൻ കഴിഞ്ഞിട്ടുണ്ടോ; മത്സ്യ വിപണനത്തിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും മത്സ്യഫെഡ് നടത്തുന്ന പ്രവർത്തനങ്ങളെ കുറിച്ച് അറിയിക്കാമോ; | (ബി) | ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും മികച്ച പിന്തുണയോടെയുള്ള പ്രവർത്തന മികവുകൊണ്ട് നാഷണൽ ഫിഷറീസ് ഡെവലപ്പ്മെൻറ് ബോർഡ് (എൻ.എഫ്.ഡി.ബി) നൽകുന്ന രാജ്യത്തെ ഏറ്റവും മികച്ച കടലോര അർദ്ധ സർക്കാർ സ്ഥാപനത്തിനുള്ള (Best Marine Quasi Government Organisation/ Federation) ദേശീയ പുരസ്കാരം മത്സ്യഫെഡിന് ലഭിച്ചു. മത്സ്യ വിപണനത്തിനും മൂല്യവർദ്ധി തോല്പന്നങ്ങളുടെ വ്യാപനത്തിനുമായി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ സംവിധാനത്തോട്ടുകൂടി 50 ഫിഷ്മാർട്ടുകളും, സഹകരണ സംഘം/ബാങ്കുകളുമായി സഹകരിച്ച് 59 ഫ്രാഞ്ചൈസി മാർട്ടുകളും, 10 അന്തിപച്ച മൊബൈൽ മാർട്ടുകളും മത്സ്യഫെഡ് |

| | | | |
|---|---|---|---|
| | | | മുഖേന പ്രവർത്തിപ്പിക്കുന്നുണ്ട്. ഫിഷ്മാർട്ടുകളിലേയ്ക്ക് മത്സ്യം ബേസ് സ്റ്റേഷനുകളിൽ നിന്നാണ് വിതരണം ചെയ്യുന്നത്. കൂടുതൽ മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മത്സ്യസംഭരണം ശക്തിപ്പെടുത്തുന്നതിനായി മത്സ്യഫെഡിന്റെ കീഴിൽ 9 സംഭരണ കേന്ദ്രങ്ങൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊച്ചിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിങ് പ്ലാന്റിൽ മത്സ്യം സംഭരിക്കുകയും അവ ശീതീകരിക്കുകയും, കയറ്റുമതി ചെയ്യുകയും ചെയ്തു വരുന്നു. വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ), കട്‌ലറ്റ്, പീര എന്നീ വിവിധ ഉൽപന്നങ്ങളും നിർമ്മിക്കുന്നു. കൂടാതെ റെഡി ടു ഈറ്റ് & റെഡി ടു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്തുവരുന്നു. |
| (സി) | സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ആധുനിക രീതിയിലുള്ള മത്സ്യ സ്റ്റാളുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ്ബൂത്ത് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടും, സഹകരണ വകുപ്പുമായി ചേർന്നുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ടും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഫിഷ്മാർട്ടുകൾ ഇല്ലാത്ത 88 നിയോജക മണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | മത്സ്യ മാർക്കറ്റുകളുടെ ആധുനികീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തൊട്ടാകെ ആധുനികവും ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിനേജ് സംവിധാനം, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടു കൂടിയ വിപണന സ്റ്റാളുകൾ, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവയും ഓരോ മാർക്കറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാന മാർക്കറ്റുകളിൽ കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സൗകര്യം സ്ഥല ലഭ്യത അനുസരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയിലറ്റ് |

| | | | |
|---|---|---|---|
| | | | സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പ് വരുത്തുന്നുണ്ട്. സംസ്ഥാനത്തെ തെരെഞ്ഞെടുത്ത 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി 120.57 കോടി രൂപയുടെ കിഫ്ബി അംഗീകാരം നിബന്ധനകൾക്ക് വിധേയമായി ഇതിനോടകം ലഭ്യമായിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയും കേന്ദ്രസർക്കാർ പദ്ധതികളിലൂടെയും സംസ്ഥാനത്ത് 39 ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുകയും 38 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ കൊല്ലം ജില്ലയിൽ മയ്യനാട്, കരിക്കോട് എന്നീ മത്സ്യമാർക്കറ്റുകൾ ബ്ലൂ റവലൂഷൻ 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് പ്രവർത്തനം നടത്തി വരുന്നു. മത്സ്യഫെഡ് വഴി ആലപ്പുഴ ജില്ലയിലെ അരൂർ, കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ എന്നീ മത്സ്യമാർക്കറ്റുകൾ സർക്കാർ ധനസഹായത്തോടു കൂടി നവീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ